(4) ചേർപ്പ് പാറളം കുടിവെള്ള പദ്ധതി

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കുടിവെള്ള പ്രശ്നം ഏറ്റവും രൂക്ഷമായിട്ടുള്ള ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലത്തിലെ പാറളം ഗ്രാമ പഞ്ചായത്ത്. കർഷകരും കർഷകത്തൊഴിലാളികളും ഏറെ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഒൻപത് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പദ്ധതിയാണ് പാറളം സമഗ്ര കുടിവെള്ളപദ്ധതി. (കെ. ആർ. ഡബ്ല്യു. എസ്. എസ്. പദ്ധതി). അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 80 ശതമാനം പൂർത്തിയായി. അവസാന ഘട്ടത്തിലുള്ള നിർമ്മാണ പ്രവർത്തനം കഴിഞ്ഞ ഒന്നര വർഷമായി മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി തൃശൂരിൽ വിളിച്ചുകൂട്ടിയ ജനപ്രതിനിധികളുടെ റിവ്യൂ മീറ്റിംഗിൽ അങ്ങേക്ക് ഈ വിഷയം ബോദ്ധ്യപ്പെട്ടതാണ്. മാർച്ച് 31-ന് മുമ്പായി അത് പൂർത്തിയാക്കുമെന്ന് അങ്ങ് പ്രഖ്യാപിച്ചതുമാണ്. അങ്ങയുടെ താല്പര്യത്തെ നന്ദിയോടുകൂടി സ്മരിച്ചുകൊണ്ടുതന്നെ പറയട്ടെ ആ പദ്ധതി പൂർത്തിയാക്കുന്ന കാര്യത്തിൽ യാതൊരു തരത്തിലുള്ള ശുഷ്കാന്തിയും ഉണ്ടാകുന്നില്ല. ഇപ്പോൾ കോടതിയിൽ കേസുമായി ഇതിനെ വീണ്ടും വീണ്ടും തടസ്സപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുകയാണ്. അതുകൊണ്ട് കോടതി കേസുകൾ അവസാനിപ്പിക്കാനും അത് മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത് വേനൽക്കാലത്ത് കുടിവെള്ളം എത്തിച്ചു കൊടുക്കാനുമുള്ള ശ്രമങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി കുറച്ച് കൂടുതൽ ശ്രദ്ധവച്ച് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 12-3-1996-ൽ 270 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പാറളം ശുദ്ധജല പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇനി 7600 മീറ്റർ പമ്പിംഗ് ലൈൻ സ്ഥാപിക്കാനുണ്ട്. അത് സംബന്ധിച്ച തടസ്സങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതു തന്നെയാണ്. ആ പദ്ധതി പൂർത്തീകരിക്കണമെന്നുള്ള അമിതാവേശത്താൽ ഒരു റിവ്യൂ മീറ്റിംഗിൽ ശ്രീ. കെ. പി. രാജേന്ദ്രൻ തന്നെ അത് ഉന്നയിച്ചിരുന്നു. അത് തീർക്കുന്നതിനുള്ള നടപടികളിലേക്ക് പോയതുമാണ്. അന്നത്തെ ഒരു ജനറൽ കൺസെൻസസ്സ് അനുസരിച്ച് പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാവുമെന്നുള്ള നില വന്നപ്പോൾ ഇതിലെ ചില ഇന്ററസ്റ്റഡ് പാർട്ടീസ് കോടതിയിൽ പോയതാണ്. അന്നത്തെ ചർച്ചയിലെ പൊതുവികാരം ഇത് തീർക്കുന്നതിന് അനുകൂലമാണെന്ന് ബോദ്ധ്യപ്പെട്ട ചില ആളുകളാണ് ഇതിന്റെ പിന്നിൽ എന്നുള്ളതാണ് എനിക്ക് അതിൽനിന്ന് അനുമാനിക്കാൻ കഴിയുന്നത്. കോടതിയുടെ സ്റ്റേ മാറാതെ നിവൃത്തിയില്ല. പക്ഷേ ഡിപ്പാർട്ടുമെന്റ് മുൻകൈയെടുത്ത് കോടതിയുടെ സ്റ്റേ മാറ്റുന്നതിനുള്ള നടപടികൾ എന്താണെന്ന് പരിശോധിച്ച് നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഈ പദ്ധതി പൂർത്തിയാക്കുന്നതിനു വേണ്ടി കോടതി വിധിക്ക് വിധേയമായി ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly